നൽകിയിട്ടുണ്ട്. അതിൻപ്രകാരം ലൈൻ നിർമ്മാണം പുനരാരംഭിക്കുന്നതിനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുതരുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടറോട് പി.ജി.സി.ഐ.എൽ. ആവശ്യപ്പെട്ടിട്ടുണ്ട്. ലൈൻ നിർമ്മാണം പുനരാരംഭിക്കുവാനുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂടംകുളം വൈദ്യുതി നിലയത്തിന്റെ യൂണിറ്റ് ഒന്നിൽ (1000 മെഗാവാട്ട്) നിന്നും കേരളത്തിന് 133 മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കേണ്ടത്. കമേഴ്സ്യൽ ഓപ്പറേഷൻ ആകാത്തതിനാൽ നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 15.65 ശതമാനം കേന്ദ്രവിഹിതമായി കേരളത്തിന് ലഭിക്കുന്നുണ്ട്. ഒക്ടോബർ 2013 മുതൽ ഇതു ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

(ഡി) ഇല്ല.

വൈദ്യുതി പ്രതിസന്ധി

23 (7859) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രപൂളിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിന് ആവശ്യമായ വൈദ്യുതി ലൈൻ ഇല്ലാതെ വന്നതുകൊണ്ട് സംസ്ഥാനത്ത് വൈദ്യുതി രംഗത്ത് പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം ഇതുവരെയും പരിഹരിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

കേന്ദ്രപൂളിൽനിന്ന് ലഭിക്കുന്ന വൈദ്യുതി കേരളത്തിൽ എത്തിക്കുന്നതിന് ആവശ്യമായ പ്രസരണ ലൈനുകൾ ഉണ്ട്.

കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ നടപടി

24 (7860) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) തകരാറിലായതും ശരിയായ റീഡിംഗ് കാണിക്കാത്തതുമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തത് സാമ്പത്തിക പ്രതിസന്ധിക്ക് ഒരു വലിയ കാരണമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇപ്രകാരം മാറ്റിസ്ഥാപിക്കേണ്ടതായ എത്ര മീറ്ററുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം എന്ന് വ്യക്തമാക്കുമോ ; എത്ര മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട് ; ഇനിയും മാറ്റി സ്ഥാപിക്കുന്നതിനായി എത്ര മീറ്ററുകൾ ബാക്കിയുണ്ട്, വിശദമാക്കുമോ ?

ഉത്തരം

(എ) ആർ.എ.പി.ഡി.ആർ.പി., ആർ.ജി.ജി.വി.വൈ. തുടങ്ങിയ വിവിധ പുതിയ വൈദ്യുത ഉൽപ്പാദന-പ്രസരണ-വിതരണ പദ്ധതികൾ മുൻഗണനാ അടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുകയും മിതമായ വിലയിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും സർക്കാരിൽനിന്നും ലഭിക്കാനുള്ള സബ്സിഡി തുക ലഭ്യമാകുന്നതിനനുസരിച്ചും ചെലവ് കുറയ്ക്കുവാനാണ് ബോർഡ് ശ്രമിക്കുന്നത്.

(ബി) ഇല്ല. മീറ്റർ കേടായ കാലയളവിലെ വൈദ്യുതി ചാർജ്ജ്, മീറ്റർ കേടാകുന്നതിന് മുൻപുള്ള ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നതിനാൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഏകദേശം 22,76,360 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. മേയ് 2014-ലെ കണക്കനുസരിച്ച് ഏകദേശം 5,70,700 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ ബാക്കിയുണ്ട്. പുതിയ മീറ്ററുകൾ വാങ്ങാൻ സത്വര നടപടി സ്വീകരിച്ചുവരുന്നു.

വൈദ്യുതി നിരക്ക് വർദ്ധനയ്ക്ക് അടിസ്ഥാനമാക്കുന്ന ഘടകങ്ങൾ

25 (7861) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൾ നസ്സാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിനിരക്ക് വർദ്ധനയ്ക്ക് അടിസ്ഥാനമാക്കുന്ന ഘടകങ്ങൾ എന്തൊക്കെ ആണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly